

**ഡോ. ആർ. അനുപമ**
ഡയറക്ടർ & ചീഫ് കൺസൾട്ടന്റ്, പ്രാൺ ഫെർട്ടിലിറ്റി & വെൽ വുമൺ സെന്റർ, കുമാരപുരം, തിരുവനന്തപുരം

പ്രശസ്ത വന്ധ്യതാ ചികിത്സ വിദഗ്ദ്ധ. തിരുവനന്തപുരം 'പ്രാൺ ഫെർട്ടിലിറ്റി ആന്റ് വെൽ വുമൺ സെന്ററി'ന്റെ ഡയറക്ടറും ചീഫ് ഗൈനക്കോളജിസ്റ്റുമാണ്. ഐ.എം.എ വനിതാ ഹെൽത്തിന്റെ സംസ്ഥാന കൺവീനർ, ഐ.എം.എ വനിതാ വിഭാഗം മുൻ സംസ്ഥാന ചെയർപേഴ്സൺ, ഇന്ത്യൻ സൊസൈറ്റി ഓഫ് അസിസ്റ്റഡ് റീപ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മെമ്പർ. 'വന്ധ്യതയും ചികിത്സയും' എന്ന മലയാളത്തിലെ ആദ്യ പുസ്തകത്തിന്റെ ഗ്രന്ഥകർത്തി. സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ മാത്രം നടത്തുന്ന തിരുവനന്തപുരത്തെ പ്രാൺ ഹോസ്പിറ്റലിന്റെ സാരഥി.

Mob: 9495957953
Tel: 0471 2447953
drranupama@gmail.com

# ഗർഭകാലവും സ്കാനിംഗും

ഗർഭസ്ഥശിശുവിനെ കുറിച്ച് അറിയാനുള്ള ആകാംക്ഷ എല്ലാ ഗർഭിണികൾക്കും ഉണ്ട്. മുൻകാലങ്ങളിൽ ഇതിനുള്ള സാധ്യത നന്നേ കുറവായിരുന്നു. പക്ഷേ, ആധുനിക വൈദ്യശാസ്ത്രത്തിന്റെ നൂതന ഉപകരണങ്ങളായ അൾട്രാസൗണ്ട് സ്കാനിംഗിലൂടെ ഇതിനപ്പുറവും ഇന്ന് സാധ്യമാണ്. എന്നിരിക്കിലും ഗർഭാവസ്ഥയിലുള്ള സ്കാനിംഗിന്റെ ഉപയോഗത്തെ കുറിച്ച് പലതരത്തിലുള്ള മിഥ്യാധാരണയുണ്ട്.

## എന്താണ് സ്കാനിംഗ്

ശബ്ദതരംഗങ്ങൾ മനുഷ്യ ശരീരത്തിനുള്ളിൽ കടന്നിട്ട് പ്രതിഫലിച്ച് തിരിച്ച് ട്രാൻസ്ഡ്യൂസർ എന്ന ഉപകരണത്തിലൂടെ തിരികെ വരുമ്പോൾ, ആന്തരിക അവയവങ്ങളുടെ ചിത്രങ്ങൾ പ്രത്യേക രീതിയിൽ കമ്പ്യൂട്ടർ സ്ക്രീൻ പോലെയുള്ള ബോർഡിൽ തെളിയുന്നു. ഗർഭിണിക്കോ ഗർഭസ്ഥശിശുവിനോ യാതൊരു വിധത്തിലുള്ള ദോഷം ചെയ്യുന്നവയല്ല ഈ ശബ്ദവീചികൾ. 10 മെഗാബൈറ്റ് താഴെയുള്ള ശബ്ദവീചികളാണ് സ്കാനിംഗ് ഉപയോഗപ്പെടുത്തുന്നത്.

## സ്കാനിംഗ് ഏതൊക്കെ തരം?

യോനീ മാർഗ്ഗവും (Trans vaginal scans), ഉദരത്തിന് പുറത്തു കൂടെയുള്ള സ്കാനിംഗ് (Trans abdominal scans) ഇങ്ങനെ രണ്ടു തരത്തിലാണ് ഗർഭിണികൾക്ക് വേണ്ടത്. ഇതിൽ TVS ഗർഭത്തിന്റെ ആദ്യത്തെ മൂന്ന് മാസമാണ് അവലംബിക്കാറ്. തന്മൂലം ഗർഭസ്ഥശിശുവിനെ കൃത്യമായി കണ്ടെത്താനും, വളർച്ചയും ആദ്യമാസങ്ങളിലെ അപാകതകൾ തിരിച്ചറിയാനും കഴിയും. ഗർഭം മൂന്ന് മാസം കഴിഞ്ഞാൽ TAS സ്കാൻ മതിയാകും. 7.5 മെഗാ ഹെർട്ട്സ് മാത്രമാണ് യോനീമാർഗ്ഗമുള്ള സ്കാനിംഗിന്റെ തോത്. ഇവയൊന്നും തന്നെ തീർത്തും ദോഷകാരിയല്ല.

## സ്കാനിംഗിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ്

ഗർഭം സ്ഥിതീകരിച്ചാൽ 5-6 ആഴ്ച ആവുമ്പോഴേക്കും TVS സ്കാൻ ചെയ്യുന്നത് തീർത്തും നല്ലതും പാർശ്വഫലങ്ങൾ ഇല്ലാത്തതുമാണ്. ഇതിലൂടെ ഗർഭത്തിന്റെ വളർച്ച, ഗർഭം ഗർഭാശയത്തിന് ഉള്ളിൽ തന്നെയാണോ, ഗർഭഛിദ്രത്തിന്റെ സാധ്യത, ജനിതക വൈകല്യങ്ങൾ, അണ്ഡാശയത്തിലോ, ട്യൂബിലോ വീക്കമോ മുഴയോ ഉണ്ടോ എന്ന് തിരിച്ചറിയാൻ സാധിക്കും. കൂടാതെ കുഞ്ഞിന്റെ ആദ്യ ഹൃദയമിടിപ്പുകൾ ദമ്പതികൾക്ക് കേൾക്കാനും സാധിക്കും.

മൂന്ന് മാസം തികഞ്ഞാൽ പിന്നെ ജനിതക വൈകല്യങ്ങൾക്കുള്ള സ്കാനും, രക്തപരിശോധനയും ചെയ്യുന്നത് ദൂരവ്യാപകമായ പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായിക്കും.

ഗർഭാശയ ഗളത്തിന്റെ നീളം അളക്കുന്നത് ഗർഭഛിദ്രത്തിന്റെ സാധ്യത നേരത്തെ മനസ്സിലാക്കാനും ഒഴിവാക്കാനും സഹായമാകും. 5-6 മാസത്തിനിടയ്ക്ക് വിശാലമായ സ്കാനിംഗിലൂടെ കുഞ്ഞിന്റെ ഹൃദയത്തിന്റെ മുതൽ വിരലുകളുടെ വരെ വൈകല്യങ്ങൾ കണ്ടെത്താൻ സഹായിക്കും. എങ്കിലും ആമാശയത്തിന്റെ, തൊലിയുടെ അങ്ങനെ ചിലത് മനസ്സിലാക്കാൻ കഴിയില്ല.

കൂടാതെ ഓരോ മാസവും, കുഞ്ഞിന്റെ വളർച്ചയും, തൂക്കവും, കുഞ്ഞിന് ചുറ്റുമുള്ള വെള്ളത്തിന്റെ (Amniotic fluid) തോത് അളക്കാനും, കുഞ്ഞിന്റെ കിടപ്പ്, മറുപിള്ളയുടെ വ്യതിയാനങ്ങൾ, രക്തയോട്ടത്തിന്റെ അപാകതകൾ, അനക്കം ഇവയെല്ലാം കണ്ടറിയാൻ സഹായകമാകും. ഒരു പരിധി വരെ പ്രസവത്തെ കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കാൻ ഇവയെല്ലാം സഹായകമാകും.



## എപ്പോഴൊക്കെ സ്കാൻ ചെയ്യണം

ഗർഭം ആറാഴ്ച ആയാൽ നിർബന്ധമായും സ്കാൻ ചെയ്യണം. പിന്നീട് 10-11 ആഴ്ചയിൽ, 13-14 ആഴ്ചയിൽ, 20-24 ആഴ്ചയിൽ, 28-32 ആഴ്ചക്കിടയിൽ, 36 ആഴ്ച ഇത്രയും സ്കാനിംഗ് കൃത്യമായി, നോക്കിയിട്ടാണെങ്കിൽ ഒരു പരിധിവരെ



പ്രശ്നങ്ങൾ ഉണ്ടാകാതെ സംരക്ഷിക്കാൻ സാധിക്കും.

ഗർഭാവസ്ഥയിലുള്ള സ്കാനിംഗിന് ദോഷത്തേക്കാൾ ഏറെ ഗുണങ്ങളാണ് ഉള്ളത്. പ്രത്യേകിച്ച് വിദഗ്ദ്ധനായ ഒരു സോണോളജിസ്റ്റിന്റെ കയ്യിൽ എന്നത് ജനസാമാന്യം അറിഞ്ഞിരിക്കുന്നത് നല്ലതാണ്.